# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ഒക്ടോബർ 23<br>October 23 | 2018 |

*1193 തുലാം 6 ചൊവ്വ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

### ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

റാന്നി ഗവൺമെന്റ് ഐടിഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ ഒഴിവുള്ള ഗസ്റ്റ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ എൻജിനീയറിംഗ് ഡിഗ്രിയും ഒരു വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ ഡിപ്ലോമയും രണ്ട് വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ എൻ.ടി.സിയും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ ബന്ധപ്പെട്ട രേഖകളും സാക്ഷ്യ പ്പെടുത്തിയ പകർപ്പും സഹിതം ഈ മാസം 25ന് രാവിലെ 10ന് ഐടിഐയിൽ ഇന്റർവ്യൂ വിന് ഹാജരാകണം. ഫോൺ: 04735 221085. (പിഎൻപി 3443/18)

### മത്സ്യവിത്ത് പരിപാലന യൂണിറ്റ്

നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ മത്സ്യവിത്ത് പരിപാലന യൂണിറ്റ് പദ്ധതിയിൽ അംഗമാകുന്നതിന് അപേക്ഷിക്കാം. താത്പര്യമുള്ളവർ ഈ മാസം 26നകം ജില്ലാ ഫിഷറീസ് ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0468 2223134.

(പിഎൻപി 3444/18)

### ശുചീകരണ തൊഴിലാളികളെ ആവശ്യമുണ്ട്

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് റാന്നി-പെരുനാട് ഗ്രാമപഞ്ചായത്തിന്റെ വിവിധ റോഡുകളിലും പൊതുഇടങ്ങളിലും ശുചീകരണ പ്രവർത്തികൾക്കായി ശുചീകരണ തൊഴിലാളികളെയും കുളിക്കടവുകളിൽ സുരക്ഷാ ക്രമീകരണങ്ങൾക്കായി ലൈഫ്

ഗാർഡുമാരെയും ആവശ്യമുണ്ട്. താത്പര്യമുള്ളവർ ഈ മാസം 30ന് മുമ്പ് പഞ്ചായത്ത് ഓഫീസിൽ നേരിട്ട് അപേക്ഷ സമർപ്പിക്കണം. (പിഎൻപി 3445/18)

## പ്രോജക്ട് പ്രൊപ്പോസൽ നൽകാം

സമഗ്രശിക്ഷാ അഭിയാൻ നടപ്പാക്കുന്ന സർഗവിദ്യാലയം പദ്ധതിയിലേക്ക് സ്കൂളുകളിൽ നിന്നും പ്രോജക്ട് പ്രൊപ്പോസൽ ക്ഷണിച്ചു. പഠനബോധന പ്രവർത്തനങ്ങൾ സർഗാത്മകമാക്കുന്നതിനും നൂതനങ്ങളായ വിദ്യാഭ്യാസ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും വിദ്യാലയങ്ങളെ പ്രചോദിപ്പിക്കുന്നതിനായി നടത്തുന്ന പദ്ധതിയാണ് സർഗവിദ്യാലയം. ഒരു വിദ്യാലയത്തിന് പരമാവധി 10000 രൂപ അനുവദിക്കും. താത്പര്യമുള്ള സ്കൂളുകൾ അതത് ബ്ലോക്ക് റിസോഴ്സ് സെന്ററുമായി ബന്ധപ്പെടണം. പ്രോജക്ട് പ്രൊപ്പോസലുകൾ ഈ മാസം 31നകം ബിആർസികളിൽ സമർപ്പിക്കണം.

(പിഎൻപി 3446/18)

## കോന്നി ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസിന്റെ ഉദ്ഘാടനം ഇന്ന് (24)

കോന്നി താലൂക്കിൽ ആരംഭിക്കുന്ന ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസിന്റെ ഉദ്ഘാടനം ഇന്ന് (24) വൈകിട്ട് മൂന്നിന് ലീഗൽ മെട്രോളജി ഭവനിൽ ഭക്ഷ്യമന്ത്രി പി.തിലോത്തമൻ നിർവഹിക്കും. അടൂർ പ്രകാശ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഭക്ഷ്യ പൊതുവിതരണ സെക്രട്ടറി മിനി ആന്റണി മുഖ്യപ്രഭാഷണം നടത്തും. ലീഗൽ മെട്രോളജി വകുപ്പ് കൺട്രോളർ ഡോ.പി.സുരേഷ് ബാബു, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, കോന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.രജനി, വാർഡംഗം സുലേഖ വി.നായർ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 3447/18)

## ഗ്രീൻ കാർപ്പറ്റ് : യോഗം 26ന്

ടൂറിസം കേന്ദ്രങ്ങളിൽ ഹരിത പരവതാനി ഒരുക്കി സന്ദർശകരെ ആകർഷിക്കുന്നതിന് ടൂറിസം വകുപ്പ് ആവിഷ്കരിച്ച ഗ്രീൻ കാർപ്പറ്റ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ജില്ലാതല യോഗം 26ന് ഉച്ചയ്ക്ക് ശേഷം രണ്ടിന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും. (പിഎൻപി 3448/18)

## ദേശീയ വിരവിമുക്തദിനം

ഒക്ടോബർ 25 ദേശീയ വിരവിമുക്തദിനമായി ആചരിക്കും. കുട്ടികളിലുണ്ടാകുന്ന വിളർച്ച, പോഷണക്കുറവ്, വിശപ്പില്ലായ്മ, തളർച്ച, വയറുവേദന, മനംപിരട്ടൽ, ഛർദിയും വയറിളക്കവും തുടങ്ങിയവയുടെ പ്രധാനകാരണം വിരബാധയാണ്. കുട്ടികളുടെ ആരോഗ്യത്തെയും പഠനത്തേയും പ്രതികൂലമായി ബാധിക്കുന്ന വിരബാധയ്ക്ക് പരിഹാരമായി വിരവിമുക്തദിനത്തോടനുബന്ധിച്ച് ഒന്നു മുതൽ 19 വരെ പ്രായമുള്ള കുട്ടികൾക്ക് സ്കൂളുകൾ, അങ്കണവാടികൾ എന്നിവ വഴി ഗുളികകൾ വിതരണം ചെയ്യും.

പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം തുമ്പമൺ സെന്റ് ജോൺസ് സ്കൂളിൽ നാളെ (25) ഉച്ചയ്ക്ക് ഒന്നിന് ചിറ്റയം ഗോപകുമാർ നിർവഹിക്കും. പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.കെ.തങ്കമ്മ ടീച്ചർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി മുഖ്യാതിഥിയായിരിക്കും. ജില്ലാ മെഡിക്കൽ ഓഫീസറുടെ ചുമതല വഹിക്കുന്ന ഡോ.സി.എസ്.നന്ദിനി മുഖ്യപ്രഭാഷണം നടത്തും. തുമ്പമൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സഖറിയ വർഗീസ്, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ എലിസബത്ത് അബു, കെ.ജി.അനിത, ആർസിഎച്ച് ഓഫീസർ ഡോ.ആർ.സന്തോഷ് കുമാർ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എബിസുഷൻ, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിവർ സംസാരിക്കും. (പിഎൻപി 3449/18)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 23<br>October 23 | 2018 |
|---|---|

*1193 തുലാം 6 ചൊവ്വ*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സഹായമൊഴുകുന്നു

നവകേരളസൃഷ്ടിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സഹായമൊഴുകുന്നു. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് സമാഹരിച്ച സ്വരൂപിച്ച അഞ്ച് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകി. ജില്ലാ കളക്ടർ പി.ബി നൂഹിന് സംഭാവന ഏറ്റുവാങ്ങി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എംബി സത്യൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ കെ.എസ് പാപ്പച്ചൻ, ഇന്ദിരാദേവി, എൻ. ശിവരാമൻ എന്നിവർ സന്നിഹിതരായിരുന്നു. പ്രളയസമയത്ത് ജില്ലയിലെ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മികച്ച പ്രവർത്തനം നടത്തുകയും ചെയ്ത ജില്ലാ കളക്ടർ പി.ബി നൂഹിന് ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ആദരസൂചകമായി പ്രസിഡന്റ് എം.ബി.സത്യൻ മെമെന്റോ നൽകി ആദരിച്ചു.

പ്രൈവറ്റ് കോളജ് അസോസിയേഷൻ ജില്ലാ വിഭാഗം സമാഹരിച്ച 50,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കൈമാറി. പ്രൈവറ്റ് കോളജ് അസോസിയേഷൻ പ്രസിഡന്റ് ടിനു കെ.രാജ്, സെക്രട്ടറി ആർ.റൊണാൾഡ് സാക്സൺ, രക്ഷാധികാരി കെ.ആർ അശോക് കുമാർ എന്നിവരിൽ നിന്നും ജില്ലാ കളക്ടർ സംഭാവന ഏറ്റുവാങ്ങി. ജീവനക്കാരും വിദ്യാർഥികളും ചേർന്ന് സമാഹരിച്ചതാണ് തുക. (പിഎൻപി 3450/18)

## ബ്രൈറ്റ് സ്റ്റുഡന്റ് സ്കോളർഷിപ്പ്

2018-19 അധ്യയന വർഷം പത്താം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന വിമുക്തഭടന്മാരുടെ മക്കൾക്ക് നൽകിവരുന്ന ബ്രൈറ്റ് സ്റ്റുഡന്റ് സ്കോളർഷിപ്പിന്

അപേക്ഷ ക്ഷണിച്ചു. വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ താഴെയായിരിക്കണം. മുൻ വർഷത്തെ പരീക്ഷയിൽ കുറഞ്ഞത് 50 ശതമാനം മാർക്ക് ലഭിച്ചിരിക്കണം. 10,11,12 ക്ലാസു കളിൽ പഠിക്കുന്ന കുട്ടികളുടെ അപേക്ഷ ഈ മാസം 31നകവും ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയിൽ പഠിക്കുന്ന കുട്ടികളുടെ അപേക്ഷ നവംബർ 30നകവും ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ ലഭിക്കണം. അപേക്ഷയിൽ രണ്ട് രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചി രിക്കണം. അപേക്ഷാഫോറം www.sainikwelfare.kerala എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. ഫോൺ: 0468 2222104.

(പിഎൻപി 3451/18)

## ഫോട്ടോ അടിക്കുറിപ്പ്

1) ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമാഹ രിച്ച തുക  ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എംബി സത്യൻ ജില്ലാ കളക്ടർ പി.ബി നൂ ഹിന് കൈമാറുന്നു.
2) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പ്രൈവറ്റ് കോളജ് അസോസിയേഷൻ ജില്ലാ വിഭാഗം സമാഹരിച്ച തുക ജില്ലാ കളക്ടർക്ക് കൈമാറുന്നു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ഒക്ടോബർ 23**

**October 23**

**2018**

*1193 തുലാം 6 ചൊവ്വ*

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ ഇന്ന് (24) പ്രത്യേക ക്യാമ്പ്**

പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ 2019ന്റെ ഭാഗമായി 2019 ജനുവരി ഒന്നിനോ അതിന് മുമ്പോ 18 വയസ് പൂർത്തിയാകുന്നവർക്കും ഇതുവരെ വോട്ടർ പട്ടികയിൽ പേര് ചേർത്തിട്ടില്ലാത്തവർക്കുമായി സീതത്തോട് വില്ലേജിലെ ഗുരുനാഥൻമണ്ണ് ആദിവാസി കോളനിയിലും മൂഴിയാർ ഗവൺമെന്റ് യു.പി സ്കൂളിലും മൂഴിയാർ പവർ ഹൗസ് പരിസരത്തും വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് ഇന്ന് (24) പ്രത്യേക ക്യാമ്പ് നടത്തും. പേര് ചേർക്കാനുള്ളവർ ബന്ധപ്പെട്ട രേഖകളുമായി അതത് സ്ഥലങ്ങളിൽ എത്തണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 3452/18)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.